(ഡി) പഞ്ചായത്തുകളിൽ നിയമനം നല്കുമ്പോൾ നിലവിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഓപ്ഷൻ നല്കിയവരുടെ കാര്യങ്ങൾ സർക്കാർ പരിഗണിക്കുന്നതാണ്.

(ഇ) ഓപ്ഷൻ നല്കിയവരില്ലെങ്കിൽ ആ തസ്തികയിൽ ഏറ്റവും ജൂനിയർ ആയവരെ നിയമിക്കുന്നതാണ്.

(എഫ്) ജില്ലാതല നിയമനം ലഭിച്ച 5 വർഷം തികയാത്ത ഓപ്ഷൻ നല്കിയവരുടെ കാര്യത്തിലും ഏറ്റവും ജൂനിയർ ആയവരെ നിയമിക്കുന്ന കാര്യത്തിലും അവരുടെ ഡി.ആർ.സി. ജില്ലയിലെ തന്നെ ഒഴിവുകളിൽ മാത്രമേ നിയമനം നല്കുകയുള്ളൂ.

(ജി) പഞ്ചായത്തിലേക്ക് പുനർവിന്യസിക്കുന്ന ജീവനക്കാരുടെ ശമ്പളം അവർ ജോലി നോക്കിയ അതേ ഓഫീസിൽനിന്നോ അതിനടുത്തുള്ള മറ്റ് ഇറിഗേഷൻ ഓഫീസിൽനിന്നോ നല്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

ജലസേചനവകുപ്പിലെ ഒഴിവുകൾ

51 (276) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ജലസേചനവകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) തസ്തികയിലേക്കുള്ള കേരള പി.എസ്.സി. തയ്യാറാക്കി 31-12-1998-ൽ നിലവിൽ വന്ന റാങ്ക്ലിസ്റ്റിൽനിന്നും നാളിതുവരെ എത്രപേരെ നിയമിച്ചു ;

(ബി) ഇപ്പോൾ നിലവിൽ എത്ര അസിസ്റ്റന്റ് എൻജിനീയർമാരുടെ ഒഴിവുണ്ട് ;

(സി) ഈ ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുമ്പായി എത്രപേർക്ക് കൂടി നിയമനം നല്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാന ജലസേചനവകുപ്പിൽ നിർദ്ദിഷ്ട യോഗ്യതയുള്ള വകുപ്പ് ജീവനക്കാരിൽനിന്നും അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലേക്ക് നിയമനം നടത്തിയിട്ട് എത്ര വർഷമായി ; ഈ കോട്ടയിൽ എത്ര ഒഴിവുകളുണ്ട് ;

(ഇ) ഇതിലേക്ക് 1995-96-ൽ പി.എസ്.സി അപേക്ഷ ക്ഷണിച്ചുവെങ്കിലും പരീക്ഷ നടത്തിയത് ഇക്കഴിഞ്ഞ ജനുവരിയിലാണെന്നുള്ളത് ഗവ: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവക്കുള്ള നിയമനം എന്ന് നടക്കുമെന്ന് വ്യക്തമാക്കുമോ ;

(എഫ്) നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 184 പേരെ നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 4 എ.ഇ.മാരുടെ ഒഴിവുകളുണ്ട്.

(സി) അസിസ്റ്റന്റ് എൻജിനീയർ തസ്തികയിൽനിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ തസ്തികയിലേക്കുള്ള പ്രമോഷൻ സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളിൽ തീരുമാനം ഉണ്ടാകേണ്ടതുണ്ട്. അതിനാൽ ഈ കാര്യം ഇപ്പോൾ വ്യക്തമാക്കാൻ നിർവാഹമില്ല.

(ഡി) 5 വർഷമായി. ഈ കാറ്റഗറിയിൽ 7 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) ഉണ്ട്. ഇവയ്ക്കുള്ള നിയമനം പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽവന്നതിനുശേഷം നടത്താവുന്നതാണ്.

(എഫ്) ഈ കാര്യത്തിൽ വേണ്ട നിർദ്ദേശം നല്കിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയിൽ ടൈപ്പിസ്റ്റുമാരുടെ നിയമനം

52 (277) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ ടൈപ്പിസ്റ്റുമാരുടെ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇപ്പോൾ വാട്ടർ അതോറിറ്റിയിൽ ടൈപ്പിസ്റ്റ് തസ്തികയിൽ എംപ്ലോയ്മെന്റ് ഡെയിലി വേജസ് നിയമനം വഴി എത്രപേർ ജോലി ചെയ്യുന്നുണ്ട് ; വിശദമാക്കാമോ ;

(സി) ഇപ്പോൾ ടൈപ്പിസ്റ്റുമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നു ; വിശദമാക്കാമോ ;

(ഡി) ഒഴിവുള്ള തസ്തികയിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 30 പേരെ.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 12 പേരും ഡെയ്ലി വേജസിൽ 11 പേരും ജോലി ചെയ്യുന്നുണ്ട്.

(സി) 54 തസ്തികകൾ.

(ഡി) ഒഴിവുള്ള തസ്തികയിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന പ്രകാരം അവ നികത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly